പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3141 28.01.2014-ൽ മറുപടിക്ക്

## മണ്ണൂത്തി - വാളയാർ ദേശീയപാതയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) മണ്ണൂത്തി - വാളയാർ ദേശീയ പാതയുടെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;<br><br>ബി) ഈ പ്രവൃത്തികൾക്കായി നാളിതുവരെ എന്തു തുകയാണ് ചെലവഴിച്ചത് എന്ന് വിശദമാക്കുമോ;<br><br>സി) മണ്ണൂത്തി - വാളയാർ ദേശീയപാതയുടെ പ്രവൃത്തിയിൽ ഇനി എന്തെല്ലാമാണ് പൂർത്തീകരിക്കാനുള്ളത് എന്നും, ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ? | എൻ.എച്ച്.47-ലെ വാളയാർ മുതൽ വടക്കൻചേരി വരെയുള്ള നിലവിലെ 57.75 കി.മീറ്റർ രണ്ട് വരി പാത (182.25 കി.മീ. മുതൽ 240 കി. മീ. വരെ) നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ 18.5.2013-ൽ ആരംഭിക്കുകയും ഏകദേശം 25% പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വാളയാർ മുതൽ വടക്കൻചേരി വരെയുള്ള നാലുവരി പാതയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ 129.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>മണ്ണൂത്തി മുതൽ വടക്കൻചേരി വരെയുള്ള നിലവിലെ രണ്ടുവരി പാത (240 കി.മീ. മുതൽ 270 കി. മീ.) ആറു വരി പാതയാക്കുന്നതിനുള്ള പ്രവൃത്തി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയ സാഹചര്യത്തിൽ കൺസഷണർ കമ്പനി ഉടൻ ആരംഭിക്കുന്നതാണ്. |

നിർമ്മാണം തുടങ്ങിയാൽ 30
മാസം കൊണ്ട് പണി പൂർത്തിയാ
ക്കാൻ സാധിക്കുമെന്നാണ് എൻ.
എച്ച്.എ.ഐ. അറിയിച്ചിരിക്കുന്നത്.
മണ്ണൂത്തി മുതൽ വടക്കൻചേരി
വരെയുള്ള ഭാഗത്തെ ആറു വരി
പാതക്കായി സ്ഥലമേറ്റെടുക്കുന്ന
തിന് കേന്ദ്ര സർക്കാർ 329.92
കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
റോഡു നിർമ്മാണം ബി.ഒ.ടി. അടി
സ്ഥാനത്തിലായതിനാൽ
നിർമ്മാണ ചെലവ് കൺസ്ട്രക്ഷൻ
കമ്പനിയാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ